**POLICE** **KERALA** **DEPARTMENT**

**No.U5-104493/2021/PHQ**
Police Headquarters,
Thiruvananthapuram
✉phq.pol@kerala.gov.in
📞04712721547
Dated. 30-01-2024

**Circular. 2/2024/PHQ**

Sub : പോലീസ് ഉദ്യോഗസ്ഥരുടെ പൊതുജനങ്ങളോടുള്ള പെരുമാറ്റം - മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

Ref :
1. സർക്കുലർ നം. 36/1965 തീയതി 28.05.1965
2. സർക്കുലർ നം 27/1995 തീയതി 23.11.1995
3. സർക്കുലർ നം. 24/1983 തീയതി 14.09.1983
4. സർക്കുലർ നം. 20/2006 തീയതി 30.10.2006
5. സർക്കുലർ നം. 06/2014 തീയതി 10.09.2014
6. സർക്കുലർ നം. 25/2021 തീയതി 10.09.2021
7. എക്സിക്യൂട്ടിവ് ഡയറക്റ്റീവ് നം.17/2002 തീയതി 17.10.2002
8. എക്സിക്യൂട്ടിവ് ഡയറക്റ്റീവ് നം.03/2004 തീയതി 13.01.2004
9. എക്സിക്യൂട്ടിവ് ഡയറക്റ്റീവ് നം.51/2018 തീയതി 30.11.2018
10. എക്സിക്യൂട്ടിവ് ഡയറക്റ്റീവ് നം. 04/2023 തീയതി 06/07/2023.

**01.** പോലീസ് സേനാംഗങ്ങൾ പൊതുജനങ്ങളുമായി ഇടപെടുമ്പോൾ പാലിക്കേണ്ട മര്യാദയെക്കുറിച്ച് മേൽ പരാമർശിച്ച സർക്കുലറുകളിലും എക്സിക്യൂട്ടീവ് ഡയറക്റ്റീവുകളിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ വിവിധ സേവനങ്ങൾ കാംക്ഷിച്ച് പോലീസ് സ്റ്റേഷനിൽ എത്തുന്ന പൊതുജനങ്ങളോട് ചില പോലീസ് ഉദ്യോഗസ്ഥർ മാന്യതയ്ക്കും അന്തസ്സിനും നിരക്കാത്ത രീതിയിൽ അഭിസംബോധന ചെയ്യുന്നതായും അധിക്ഷേപത്തോടെയോ അല്ലെങ്കിൽ സഭ്യതയില്ലാതെയോ സംസാരിക്കുന്നതായും ശ്രദ്ധയിൽപെട്ടിരിക്കുന്നു.

**02.** സമീപ കാലത്ത് ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും മോശപ്പെട്ട രീതിയിലുള്ള പെരുമാറ്റം പൊതുജനത്തിന് ഉണ്ടായ സന്ദർഭത്തിൽ ബഹു: ഹൈക്കോടതി ടി വിഷയത്തിൽ ഇടപെടുകയും താഴെ പറയുന്ന രീതിയിലുള്ള നിരീക്ഷണം നടത്തുകയും ഉണ്ടായി.

*"I must record, for the purpose of clarity to all the Officers, that no citizen in this nation is lesser than the other. This is how our paramount document, the Constitution of India, defines each of us. Our nation is a Republic - as the constitution preambularily asserts; and this means that every citizen is sovereign. Police Officers are public servants; and indubitably, they have to deal with their 'masters' with the respect that the constitution stipulates. As has been said by this Court in the judgments earlier, it would be rather unfortunate if the Officers are allowed to act in any manner that they please and to treat citizens as they want, without being aware that they are, in fact, public servants and the latter 'masters'.*

*7. It is this spirit that ought to be imbued by the force as a whole, particularly when they go through very stringent training these days. The Officer in question is stated to be not very senior, which indicates that he would have gone through the training mentioned above. He must also be aware of the Circulars issued by the State Police Chief; and in that perspective, it is rather incomprehensible how he could have use the prohibited vocatives.*

*8. It is not relevant that the victim is a lawyer, and as I told the State Police Chief during the interaction, this Court would have come much more heavily, had the victim been an ordinary citizen, or a homeless person on the street because, everyone of them requires to be given the same respect, as the Officer would give to his superiors or to persons in power and influence.*

*9. As regards the actions stated to have been initiated by the State Police Chief, certainly, it is in the right direction; but unless decisions are quick and strong, it can never act a deterrent, particularly when most of the incidents remain unnoticed, unrecorded and undetected.*

*10. The brunt of such reckless action is always the ordinary people, who cannot go against the might of the Officers or the State; and they, therefore, decide to suffer in silence and accept their fate. This Court, while acting under Article 226 of the Constitution of India, is expected to be the voice of such people and to act on their behalf even if they are unable to approach it."*

**03.** പോലീസ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന എല്ലാ റാങ്കിലുള്ള ഉദ്യോഗസ്ഥരും പൊതുജനങ്ങളോട് മാന്യമായി സംസാരിക്കുവാനും പെരുമാറുവാനും ഭരണഘടനാപരമായും നിയമപരമായും ബാധ്യസ്ഥരാണ്. പോലീസ് ഉദ്യോഗസ്ഥർ അവരുടെ കർത്തവ്യ നിർവഹണ വേളയിൽ പൊതുജനങ്ങളോട് ഇടപെടുമ്പോൾ സംഭാഷണത്തിൽ സഭ്യമായ പദപ്രയോഗങ്ങൾ മാത്രം ഉപയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**04.** എല്ലാ ജില്ലാ പോലീസ് മേധാവികളും / യൂണിറ്റ് മേധാവിമാരും അവരുടെ കീഴിലുള്ള സേനയിലെ അംഗങ്ങൾക്ക് ഈ വിഷയത്തെക്കുറിച്ച് സമഗ്രമായ അവബോധം ഉണ്ടാക്കുന്ന ബോധവൽക്കരണ ക്ലാസുകൾ നടത്തേണ്ടതും സേനയിലെ എല്ലാ അംഗങ്ങൾക്കും ടി പരിശീലനം ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും പോലീസ് ഉദ്യോഗസ്ഥരുടെ പൊതുജനങ്ങളോടുള്ള പെരുമാറ്റം നിരീക്ഷിക്കേണ്ടതും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

**05.** പോലീസ് സേനയിൽ അംഗമായി ചേർന്ന് പരിശീലനം നടത്തുന്ന എല്ലാ പുതിയ സേനാംഗങ്ങൾക്കും അടിസ്ഥാന പരിശീലനം നൽകുന്ന കാലയളവിൽ തന്നെ പൊതുജനങ്ങളോട് പെരുമാറേണ്ട രീതിയെക്കുറിച്ചും ഭരണഘടന അനുസരിച്ച് പൗരന്മാരുടെ അവകാശങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കേണ്ടതാണ്. ആയതിനു ഡയറക്ടർ KEPAയും ഐ ജി പി ട്രെയിനിംഗും പ്രിൻസിപ്പൽ PTC യും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**06.** കേരള പോലീസ് ആക്ടിലെ Sec.33 പ്രകാരം പോലീസിനും പൊതുജനങ്ങൾക്കും പോലീസ് പ്രവർത്തനത്തിന്റെയോ നടപടിയുടെയോ ഓഡിയോ, വീഡിയോ അല്ലെങ്കിൽ ഇലക്ട്രോണിക് റിക്കാർഡുകൾ എടുക്കുന്നതിന് അവകാശം ഉണ്ട്. ആയതിനാൽ പൊതുജനങ്ങൾ പോലീസ് പ്രവർത്തനത്തിന്റെയോ നടപടിയുടെയോ വീഡിയോ അല്ലെങ്കിൽ ഇലക്ട്രോണിക് റിക്കാർഡുകൾ നിയമ വിധേയമായി എടുക്കുന്നതിനെ തടയുവാൻ പാടുള്ളതല്ല.

SHAIK DARVESH SAHEB IPS
State Police Chief

To : ഡയറക്ടർ KEPA, ഐ ജി പി ട്രെയിനിംഗ്, റേഞ്ച് ഡി ഐ ജി മാർ, എല്ലാ ജില്ലാ പോലീസ് മേധാവിമാർ, പ്രിൻസിപ്പൽ PTC എന്നിവർക്കും എല്ലാ യൂണിറ്റ് മേധാവികൾക്കും ബി ലിസ്റ്റിൽ വരുന്ന എല്ലാ ഓഫീസർമാർക്കും - മേൽ നടപടികൾക്കായി.

Copy To : പോലീസ് ആസ്ഥാനത്തെ എല്ലാ ഓഫീസർമാർക്കും അറിവിന്
പോലീസ് വെബ്സൈറ്റ്, സർക്കുലർ ഫയൽ.